പതിമൂന്നാം കേരള നിയമസഭ

പതിനാലാം സമ്മേളനം

<table>
<tr><td>നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 2804</td><td>10.07.2015 ൽ മറുപടിയ്ക്ക്</td></tr>
<tr><td colspan="2"><u>അട്ടപ്പാടി മേഖലയിലെ അംഗൻവാടികൾ</u></td></tr>
<tr><td>ചോദ്യം</td><td>ഉത്തരം</td></tr>
<tr><td>ശ്രീ.എ.കെ. ബാലൻ</td><td>ഡോ. എം.കെ.മുനീർ<br>(പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പ് മന്ത്രി)</td></tr>
<tr><td>(എ) അട്ടപ്പാടി മേഖലയിൽ എത്ര അംഗൻവാടികൾ പ്രവർത്തിക്കുന്നു; കഴിഞ്ഞ നാലുവർഷമായി ഓരോ അംഗൻവാടികളിലും എത്തുന്ന കുട്ടികളുടെ എണ്ണം എത്രയെന്ന് വ്യക്തമാക്കുമോ;</td><td>(എ) അട്ടപ്പാടി ഐസിഡിഎസ് പ്രോജക്ടിന്റെ കീഴിൽ 175 അങ്കണവാടികൾ നിലവിൽ പ്രവർത്തിച്ചു വരുന്നു. ഓരോ അങ്കണവാടിയിലും കഴിഞ്ഞ 4 വർഷമായി എത്തുന്ന കുട്ടികളുടെ എണ്ണം സംബന്ധിച്ച വിവരം ശേഖരിച്ചു നൽകുന്നതാണ്.</td></tr>
<tr><td>(ബി) പ്രസ്തുത മേഖലയിലെ അംഗൻവാടികളിൽ എത്ര ജീവനക്കാർ ഉണ്ട്; എത്ര ജീവനക്കാരുടെ ഒഴിവുണ്ട്; തസ്തിക തിരിച്ചുള്ള വിശദാംശങ്ങൾ ലഭ്യമാക്കുമോ;</td><td>(ബി) നിലവിൽ അനുവദിച്ച വർക്കർമാരുടെ എണ്ണം 175 ഉം ഹെൽപ്പർമാരുടെ എണ്ണം 172 ഉം ആണ്. അതിൽ വർക്കറുടെ 8 ഉം ഹെൽപ്പറുടെ 22 ഉം സ്ഥിരം ഒഴിവുകൾ ഉണ്ട്. ഒഴിവുകളുടെ വിശദാംശം ചുവടെ ചേർക്കുന്നു.<br><table><tr><th>പഞ്ചായത്ത്</th><th>വർക്കർ</th><th>ഹെൽപ്പർ</th></tr><tr><td>അഗളി</td><td>2</td><td>2</td></tr><tr><td>ഷോളയൂർ</td><td>1</td><td>6</td></tr><tr><td>പുത്തൂർ</td><td>5</td><td>14</td></tr><tr><td>ആകെ</td><td>8</td><td>22</td></tr></table></td></tr>
<tr><td>(സി) നിലവിൽ പ്രസ്തുത അംഗൻവാടികളിൽ വിതരണം ചെയ്യുന്ന ഭക്ഷണ സാധനങ്ങൾ ഏതെല്ലാമെന്ന് വ്യക്തമാക്കുമോ; ഇവയുടെ അളവും ഒരു കുട്ടിക്കായി ചെലവഴിക്കുന്ന തുകയും വിശദമാക്കുമോ;</td><td>(സി) നിലവിൽ പ്രസ്തുത അങ്കണവാടികളിൽ വിതരണം ചെയ്യുന്ന ഭക്ഷ്യ സാധനങ്ങൾ ചുവടെ ചേർക്കുന്നു.<br>മ) <u>മോണിംഗ് സ്നാക്സ്</u><br>(1) 2 ദിവസം പാൽ 150 മില്ലി ഗ്രാം വീതം.<br>(2) 2 ദിവസം മുട്ട 1 വീതം<br>(3) 2 ദിവസം അമൃതം ലഡു - 20 ഗ്രാം കടല, അമൃതം പൊടി 20 ഗ്രാം, ശർക്കര 5 ഗ്രാം വീതം നൽകുന്നു<br>യ) <u>നൂൺഫീഡിംഗ്</u><br>കഞ്ഞി - അരി 60 ഗ്രാം പയർ 20 ഗ്രാം + ഉപ്പേരി<br>ര) <u>ജനറൽ ഫീഡിംഗ്</u><br>2 ദിവസം ഗോതമ്പ് ഉപ്പുമാവ് - നുറുക്ക് ഗോതമ്പ് 60 ഗ്രാം, എണ്ണ 8 മില്ലി, പച്ചക്കറി 10 ഗ്രാം, നിലക്കടല 10 ഗ്രാം, ഇലക്കറി.</td></tr>
</table>

2 ദിവസം ഗോതമ്പ് പായസം - ഗോതമ്പ് 50 ഗ്രാം, ശർക്കര 30 ഗ്രാം,നിലക്കടല 15 ഗ്രാം, തേങ്ങ 10 ഗ്രാം.

2 ദിവസം ചെറുപയർ വിളയിച്ചത് - ചെറുപയർ 50 ഗ്രാം, ശർക്കര 20 ഗ്രാം, തേങ്ങ 10 ഗ്രാം, നിലക്കടല 15 ഗ്രാം.

**ഒരു കുട്ടിയ്ക്കായി ചെലവഴിക്കുന്ന തുക**

| | |
|---|---|
| 6 മാസം 3 വയസ്സ് വരെ കുട്ടിയ്ക്ക് | - 7 രൂപ |
| 3 വയസ്സ് 6 വയസ്സ് വരെ | - 14 രൂപ |
| ഗർഭിണികൾ | - 17 രൂപ |
| പാലൂട്ടുന്ന അമ്മമാർ | - 17 രൂപ |
| കൗമാരപ്രായക്കാരായ പെൺകുട്ടികൾ | - 17 രൂപ |

(ഡി) കുട്ടികൾക്ക് ഭക്ഷണം നൽകിയ വകയിൽ എത്ര രൂപയാണ് കഴിഞ്ഞ നാലുവർഷങ്ങളിൽ ചെലവഴിച്ചത്; വർഷം തിരിച്ചുള്ള കണക്ക് ലഭ്യമാക്കുമോ?

(ഡി)കഴിഞ്ഞ 4 വർഷങ്ങളിൽ അട്ടപ്പാടി ഐസിഡിഎസ് പ്രോജക്ടിന്റെ പരിധിയിലുള്ള മൂന്ന് പഞ്ചായത്തുകൾ ചെലവഴിച്ച തുകയുടെ കണക്ക് ചുവടെ ചേർക്കുന്നു.

| വർഷം | അഗളി | ഷോളയൂർ | പുത്തൂർ | ആകെ |
|---|---|---|---|---|
| 2011 -12 | 50,25,059 രൂപ | 48,91,419 രൂപ | 41,58,874 രൂപ | 1,40,75,352 രൂപ |
| 2012 -13 | 37,72,720 രൂപ | 33 07.470 രൂപ | 33,95,149 രൂപ | 1,04,75,339 രൂപ |
| 2013 -14 | 9,11,883 രൂപ | 46,93,705 രൂപ | 32,82,663 രൂപ | 1,70,88,251 രൂപ |
| 2014 -15 | 72,26,049 രൂപ | 51,51.924 രൂപ | 36,12,300 രൂപ | 1,59,90,273 രൂപ |
| ആകെ | | | | 5,76,29,215 രൂപ |

**സെക്ഷൻ ഓഫീസർ**